# മന്ത്രിസഭാ തീരുമാനങ്ങൾ

## (02.02.2010)

- തമ്പാനൂർ കെട്ടിട ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപവെച്ച് ധനസഹായം നൽകാൻ തീരുമാനിച്ചു. പരിക്കേറ്റവർക്ക് സൗജന്യ ചികിത്സയും 25,000 രൂപയും നൽകാൻ തീരുമാനിച്ചു. അപകടത്തെക്കുറിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചു. അന്വേഷണത്തിന്റെ ചുമതല ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്സിനായിരിക്കും. രണ്ടാഴ്ചയ്ക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- നിയമസഭാ ബജറ്റ് സമ്മേളനം ഫെബ്രുവരി 24 ന് വിളിച്ചുകൂട്ടുന്നതിന് ഗവർണറോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.
- കൃഷിക്കാരുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക കൊടുത്തുതീർക്കാൻ 18.93 കോടി രൂപ അനുവദിച്ചു. ഇവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് പുനഃസ്ഥാപിക്കാൻ തീരുമാനിച്ചു.
- ശാരദ കൃഷ്ണയ്യർ ഫൗണ്ടേഷന് സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കായി അഞ്ച് ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.
- 2008 ൽ ഒറീസ്സയിൽ ഉണ്ടായ പ്രകൃതി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി ഭുവനേശ്വരിലെ ലോക്ശക്തി ട്രസ്റ്റ് പണികഴിപ്പിക്കുന്ന വൃദ്ധസദനത്തിന് അഞ്ച് ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.
- തിരൂർ താലൂക്കിൽ താനൂർ വില്ലേജിൽ വീടിന് തീ പിടിച്ച് രണ്ട് കുട്ടികൾ ഉൾപ്പെടെ മൂന്നുപേർ മരണമടഞ്ഞ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.
- ആരോഗ്യസർവകലാശാലയിൽ പുതിയ 18 തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചു.
- കണ്ണൂർ ജില്ലയിലെ ന്യൂ മാഹിയിൽ പുതിയൊരു പൊലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചു.
- മൂന്നാർ സന്ദർശിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് മന്ത്രിസഭ ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. അനധികൃതമായി നിർമ്മിച്ചിരിക്കുന്ന ചെക്ക് ഡാമുകൾ പൊളിച്ചു മാറ്റാനുള്ള നിയമപരമായ നടപടികളുമായി മുന്നോട്ടു പോകും.
2. 1974 ലെ ലാൻഡ് ബോർഡ് അവാർഡിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും.
3. മൂന്നാറിൽ റിസോർട്ടുകൾ ഉൾപ്പെടെയുള്ള അനധികൃതമായ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
4. പാട്ടക്കരാർ ലംഘനങ്ങൾ പരിശോധിച്ച് അത്തരം കരാറുകൾ റദ്ദാക്കാനുള്ള നിയമ സാധുത പരിശോധിക്കാൻ നിയമവകുപ്പിനെ ചുമതലപ്പെടുത്തും.

5. 01.01.1977 ന് മുൻപുള്ള കൈവശക്കാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.
6. മൂന്നാറിൽ ഒരു ടൗൺഷിപ്പ് നിയമാനുസൃതം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
7. ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട ക്രമിനൽ കേസുകൾ പ്രത്യേകമായി പരിഗ ണിക്കുന്നതിന് ഹൈക്കോടതിയുമായി ആലോചിച്ച് ഒരു ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മൂന്നാറിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

   മേൽ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നേതൃത്വം കൊടുക്കാൻ റവന്യൂ വകുപ്പ് മന്ത്രി, ആഭ്യന്തര വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി എന്നിവരെ ചുമതലപ്പെടുത്തി. നടപടികളുടെ പുരോഗതി യഥാസമയം ഉപസമിതിയെയും മന്ത്രിസഭയേയും അറിയിക്കുവാൻ തീരുമാനിച്ചു.

- തൃശൂർ കളക്ടറായി ശ്രീ. എ.ടി. ജയിംസിനെ നിയമിക്കുവാൻ തീരുമാനിച്ചു. തൃശൂർ കളക്ടറായിരുന്ന വി.കെ. ബേബിയെ നോർക്കാ റൂട്ട്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുവാൻ തീരുമാനിച്ചു.

******